




എറണാകുളം ജില്ലയിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ
പ്രവർത്തനം ആരംഭിച്ച ചെമ്മനാട്ടു പോളിഫോർമാലിൻ
വിഷക്കമ്പനിക്കെതിരായി നടന്നുവരുന്ന ജനകീയ സമരം

# മലിനീകരണത്തിന് ജനകീയ മറുപടി

ടി.കെ. സാജു

**ഏതാണ്ട്** 300റോളം കുടുംബങ്ങളുടെ കുടിവെള്ളവും, മണ്ണും, വായുവും നാളുകളായി മലിനപ്പെടുത്തുകയാണ് എറണാകുളം ജില്ലയിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച ചെമ്മനാട്ടു പോളിഫോർമാലിൻ കമ്പനി. യാതൊരു വിധമായ മലിനീകരണ നിയന്ത്രണച്ചട്ടങ്ങളോ, സ്ഫോടകവസ്തുസംബന്ധിച്ച ചട്ടങ്ങളോ നടപ്പാക്കാതെയാണ് കമ്പനി പ്രവർത്തനം നടത്തുന്നത്.

വെറും പശയുണ്ടാക്കുന്ന കമ്പനി എന്നു നാട്ടുകാരെ തെറ്റിദ്ധരിപ്പിച്ചു എല്ലാ ഗവണ്മെന്റു ഏജൻസികളിൽ നിന്നും വളഞ്ഞ വഴികളിൽകൂടി നേടിയ അനുമതി പത്രങ്ങളുടെ ബലത്തിൽ തുടങ്ങിയ കമ്പനിക്കെതിരെ രാഷ്ട്രീയത്തിനധീതമായി ജനങ്ങൾ സംഘടിപ്പിക്കുകയും പ്രതിഷേധിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പല കോടതിവിധിളും സമരസമിതിയായ“ഗ്രീൻ എർത്തിന്” അനുകൂലമായി ലഭിച്ചെങ്കിലും അതിനെയെല്ലാം കമ്പനി പല വഴികളിൽ കൂടിയും മറികടന്നുകൊണ്ടിരിക്കുകയാണ്.

2008 ഡിസംബർ മാസം 29-ാം തിയ്യതി നാട്ടുകാർ ഗ്രീൻ എർത്തിന്റെ നേതൃത്വത്തിൽ നടത്തിവന്ന റിലേ സത്യാഗ്രഹസമരം.

LSGI ട്രിബ്യൂണലിന്റെ ജനങ്ങൾക്കും അനുകൂലമായ വിധിയെ തുടർന്നു 28-4-2009ൽ പിൻവലിക്കുകയും നിയമ നടപടികളുമായി മുമ്പോട്ടു പോകുവാനും തീരുമാനിച്ചു.

LSGI ട്രിബ്യൂണലിന്റെ വിധിക്കെതിരെ കമ്പനി ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ നീക്കം ചെയ്യുവാനുള്ള ഗ്രീൻ എർത്തിന്റെ ശ്രമം വിജയിച്ചിട്ടില്ലാ എന്ന സത്യം നിലനിൽക്കുന്നു. കേസ്സുകോടതിയുടെ പരിഗണനയിലാണ്.

വളരെ നിർദ്ധനരായ ആളുകൾ താമസിക്കുന്ന ഈ പ്രദേശം തന്നെ കമ്പനി തെരഞ്ഞെടുത്തതിൽ

അതിശയിക്കാനൊന്നുമില്ല. ജനകീയപ്രതിഷേധത്തെ പോലീസിനെ ഉപയോഗിച്ചും, ക്രിമിനൽ കേസ്സുകൾ ചാർജ് ചെയ്തും, പ്രവർത്തകരെ ഭീഷണിപ്പെടുത്തിയും തളർത്താനുള്ള എല്ലാ ശ്രമങ്ങളും കമ്പനി നടത്തിവരികയാണ്.

ഗ്രീൻ എർത്തിന്റെ പ്രധാന പ്രവർത്തകരുൾപ്പെടെ 20-ഓളം ആളുകളുടെ പേരിൽ പോലീസ് കള്ളക്രിമിനൽ കേസുകൾ ഫയൽ ചെയ്തിരിക്കുന്നു. കൺവീനറെ ഇപ്പോഴും പഞ്ചായത്തും പോലീസും പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു.

സമരത്തിന്റെ പല ഘട്ടങ്ങളിലും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേക്കു നടന്ന ജനകീയമാർച്ചുകളിലും വിശദീകരണയോഗങ്ങളിലും സംസ്ഥാനത്തെ പരിസ്ഥിതി പ്രവർത്തകരുടെ സഹായവും പങ്കാളിത്തവും ലഭിച്ചിട്ടുണ്ട്.

***ബന്ധങ്ങൾക്ക്: ചെയർമാൻ, ഗ്രീൻ എർത്ത്, 9447609943***




**ഗ്രന്ഥകർത്താകളുടേയും പ്രസാധാകരുടേയും ശ്രദ്ധയ്ക്ക്**

കേരളീയത്തിന് സാമൂഹ്യവിഷയങ്ങളിൽ പഠനം, വിശകലനം, അനുഭവവിവരണം... ഉള്ളടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനും ആസ്വാദനത്തിനും ആവശ്യമുണ്ട്. രണ്ട് കോപ്പികൾ വീതം അയക്കുക.

**പത്രാധിപർ, കേരളീയം**
കൊക്കാലെ, തൃശൂർ-21